5365
11/6/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.383/2014/സാനീവ  തീയതി, തിരുവനന്തപുരം, 29.05.2014.

പരാമർശം : 1. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 26.03.2013 ലെ 11864/ജി1/13/ ആ.കു.വ നമ്പർ കത്ത്.

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.10.2013, 15.12.2013 എന്നീ തീയതികളിലെ 1494/പി2/13/കെ.എസ്. എസ്.എം. നമ്പർ കത്ത്.

3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 30.12.2013 ലെ എച്ച്2/41497/13 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന പതിനൊന്ന് പഞ്ചായത്തുകൾക്കും ഓരോ ആംബുലൻസ് വീതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ലഭ്യമാക്കണമെന്ന് എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 25.03.2013 ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായെന്നും, ആയതിനാൽ ആംബുലൻസ് വാങ്ങുന്നതിനുള്ള ഭരണാനുമതിയും, അതിലേക്ക് ആവശ്യമുള്ള തുക എൻഡോസൾഫാൻ സെല്ലിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുവദിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് പരാമർശം 2 പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന പതിനൊന്ന് പഞ്ചായത്തുകൾക്ക് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കണമെന്ന വ്യവസ്ഥയിന്മേൽ ഓരോ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയും ഇതിനുള്ള തുക എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തെ(2014-15) ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ പതിനൊന്ന് ആംബുലൻസുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് കാസർഗോഡ് എൻഡോസൾഫാൻ സെല്ലിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ.കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ,പൂജപ്പുര,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
വെബ് & ന്യൂ മീഡിയ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ